**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ സമൂഹങ്ങളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ സമൂഹങ്ങളുടെ ശാക്തീകരണത്തിന് വിഘാതമായിട്ടുള്ള പ്രധാന ഘടകം ആധുനിക തൊഴിൽ മേഖലയിലെ പങ്കാളിത്തക്കുറവാണെന്നത് വസ്തുതയാണോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | **പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ജനസമൂഹങ്ങളുടെ ശാക്തീകരണത്തിന് വിഘാതമായിട്ടുള്ള ഒരു ഘടകം ആധുനിക തൊഴിൽ മേഖലയിലെ പങ്കാളിത്തക്കുറവാണെന്നത് വസ്തുതയാണ്. ആയതിനാൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ ശാക്തീകരണത്തിന് സ്ഥിരവരുമാനവും തൊഴിലും ഉറപ്പാക്കേണ്ടതുണ്ട്.**<br><br>**പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.**<br><br>**വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാവുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷം വരെ** |

പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽ നിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും, 2399 പേർക്ക് പ്രമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ പട്ടികജാതി-പട്ടികവർഗ്ഗക്കാരായ 94 നിയമബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റുമാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടു കൂടി രണ്ട് വർഷക്കാലയളവിലേക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

ആധുനിക തൊഴിൽ മേഖലകളിൽ പട്ടികവിഭാഗക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും മികച്ച തൊഴിൽ അവസരങ്ങൾ കരസ്ഥമാക്കുന്നതിനുമായി

| | | | |
|---|---|---|---|
| | | | **പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഹോട്ടൽ മാനേജ്മെന്റ്, എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ ഡയഗണോസിസ് ആന്റ് റിപ്പയർ, ഗ്രാഫിക് ഡിസൈനിംഗ്, ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, പ്ലാസ്റ്റിക് വ്യവസായം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ നൽകി പ്ലേസ്മെന്റ് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ച മേല്പറഞ്ഞ പരിശീലന പരിപാടികളിൽ 5843 പേർക്ക് പരിശീലനം നൽകുകയും 2827 പേർക്ക് ജോലി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ വികസന ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനികളായും, ഫീൽഡ് തലത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായും ധാരാളം യുവതീയുവാക്കൾ ജോലിചെയ്തു വരുന്നുണ്ട്. ഇത് കൂടാതെ യോഗ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ സാമൂഹ്യ പഠനമുറികളിലെ ഫെസിലിറ്റേറ്റർമാരായും കുടുംബശ്രീ ആനിമേറ്റർമാരായും ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനം ലഭിച്ചവർക്കും അല്ലാത്തവർക്കും സംരംഭം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ നടപടികളും പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ തൊഴിൽ നൈപുണി സ്വായത്തമാക്കിയ പട്ടികവർഗ്ഗ യുവതീയുവാക്കളെ ഉൾപ്പെടുത്തി എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.** |
| (ബി) | എസ്.സി., എസ്.ടി. വിഭാഗക്കാരെ സംരംഭകരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത സൊസൈറ്റിയുടെ ഭാഗമായി ടാലന്റ് സെന്ററുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | **പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് കേരള എംപവർമെന്റ് സൊസൈറ്റി. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീ യുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയബോധവും സൃഷ്ടിക്കുന്നതിനും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും** |

| | | | |
|---|---|---|---|
| | | | **തൊഴിൽദാതാക്കളായും സജ്ജരാക്കുക എന്നതാണ് എംപവർമെന്റ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.** |
| (സി) | ഇത്തരത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | **ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജരാക്കുന്നതിനായി എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.**<br><br>**സംരംഭകത്വ പരിശീലനം നൽകുന്നതിനും സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. പട്ടികജാതിക്കാർക്ക് പരിധി ബാധകമാക്കാതെ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 1/3 സബ്സിഡി നൽകുന്നു. പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വയംസഹായ സംഘങ്ങൾക്കും അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ 75% തുക (പരമാവധി 10 ലക്ഷം രൂപ) അനുവദിച്ച് വരുന്നു. സംസ്ഥാനത്തെ പട്ടിക വർഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് പരമാവധി 20% വായ്പ കേരളാ സ്റ്റേറ്റ് എസ്.സി/എസ്.ടി കോർപ്പറേഷൻ മുഖേന ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ